LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 4-1-2012 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയതുവഴി സർക്കാരിന് ലഭിക്കേണ്ട വിവിധയിനം ലൈസൻസ് ഫീസുകൾ ലൈസൻസികൾക്ക് ഓൺലൈനായി ഒടുക്കുന്നതിന് സാദ്ധ്യമായി. തൻമൂലം സർക്കാരിലേക്കുള്ള നികുതി വരുമാനം സമയബന്ധിതമായി ലഭിക്കുകയും കൂടാതെ പൊതുജനങ്ങൾക്ക് സർക്കാരിലേക്കുള്ള വിവിധയിനം ഫീസുകൾ ഓഫീസ് സന്ദർശിക്കാതെ തന്നെ Net banking മുഖേനയോ credit/debit card മുഖേനയോ ഇ-പേയ്മെന്റ് സംവിധാനത്തിൽ കൂടി ഒടുക്കുന്നതിന് സാധിക്കുന്നതാണ്. ഇ-പേയ്മെന്റ് മുഖാന്തരം ലഭിച്ച ഒടുക്കുകളുടെ സ്ലോട്ടുകൾ പരിശോധിക്കുക വഴി സർക്കാരിലേക്ക് ലഭിച്ച നികുതി വരുമാനത്തിന്റെ വിവരങ്ങൾ കൃത്യമായും വേഗത്തിലും അറിയുവാൻ സാധിക്കുന്നു.

(സി) M/s. CMC Ltd. (Computer Maintenance Corporation Limited) എന്ന സ്ഥാപനവുമായി സഹകരിച്ചാണ് എക്സൈസ് വകുപ്പ് ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയത്.

(ഡി) വാണിജ്യനികുതി വകുപ്പിന്റെ ഇ-പേയ്മെന്റ് സംവിധാനമായ KVATIS എന്ന സോഫ്റ്റ്വെയർ കസ്റ്റമൈസ് ചെയ്ത് ഒരു പുതിയ മോഡ്യൂൾ രൂപീകരിച്ച് എക്സൈസ് വകുപ്പ് ഇ-പേയ്മെന്റ് സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ആയതിന് 5.20 ലക്ഷം രൂപ ചെലവായിട്ടുള്ളതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ ഭേദഗതികൾ ബന്ധപ്പെട്ട ചട്ടങ്ങളിൽ കൊണ്ടുവന്നിട്ടുണ്ട്.

ബിവറേജസ് വില്പനശാലകളിലെ ജോലിഭാരം

82 (4416) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബാറുകൾ അടച്ചുപൂട്ടിയതിന്റെ ഭാഗമായി ബിവറേജസ് വിൽപനശാലകളിൽ മദ്യവില്പന വർദ്ധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഇതിന്റെ ഭാഗമായി തൊഴിലാളികൾക്ക് ജോലി ഭാരം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജോലി ഭാരം വർദ്ധിച്ചതിന്റെ ഭാഗമായി തൊഴിലാളികൾ ആരെങ്കിലും രാജിവയ്ക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ എത്രപേർ രാജിവച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ബാറുകൾ അടച്ചുപൂട്ടിയതിന്റെ ഭാഗമായി ബിവറേജസ് വില്പനശാലകളിൽ മദ്യവില്പന വർദ്ധിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായി കെ.എസ്.ബി.സി. ഷോപ്പിലെ തൊഴിലാളികൾക്ക് ജോലിഭാരം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) ജോലിഭാരം വർദ്ധിച്ചതിന്റെ കാരണത്താൽ ഷോപ്പിലെ തൊഴിലാളികൾ ആരുംതന്നെ രാജി വച്ചിട്ടില്ല.

ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

83 (4418) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷൻ, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനുവേണ്ടി കോർപ്പറേഷൻ സാമൂഹ്യസുരക്ഷാ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കും ലഹരി ഉപഭോഗംമൂലം രോഗികളായവർക്കുമുള്ള ചികിത്സയ്ക്കും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതികളിൽ വിഭാവനം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതികൾ നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി കർമ്മ പദ്ധതികളൊന്നുംതന്നെ ആസൂത്രണം ചെയ്തിട്ടില്ല. എന്നാൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി ലഹരി വിമുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് ധനസഹായം, പുനർജനി 2030-ന്റെ ഭാഗമായി 'ലഹരി വിമുക്ത കേരളം ഐശ്വര്യ കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി രൂപീകരിച്ച 'സുബോധം' പദ്ധതിക്ക് ധനസഹായം,

LIBRARY ARCHIVES Kerala Legislative Assembly